(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/885/15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
ഫോൺ: 0471 2331231,
ഇ-മെയിൽ: lfadtvm@yahoo.in
തീയതി 15.09.2015

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുംകുളം ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളംഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2.5 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3.10, 3.13 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/885/2015 തീയതി: 15.09.2015

**തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11-06-2014 മുതൽ 11-05-2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ്. മുരളീധരൻ നായർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21-05-2015. മുതൽ 30-05-2015 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. സഞ്ജയ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. നിത്യൻ. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ബിജുലാൽമണി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ശിവനാഥൻ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | | ശ്രീമതി.അൽബീന<br>റോബിൻസൺ | 01-04-2013 മുതൽ 31-03-2014 വരെ |
| സെക്രട്ടറി | : | | ശ്രീമതി.കെ. സുരഭി | 1-4-2013 മുതൽ 5-5-2013 വരെ |
| | | | ശ്രീ.സി.കുമാരി പത്മാവതി | 6-5-2013 മുതൽ 31-3-2014 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| ഹെഡ്മിസ്ട്രസ് | | | ശ്രീമതി.ഗിരിജകുമാരി | 1-4-2013 മുതൽ 31-3-2014 വരെ |
| മെഡിക്കൽ ഓഫീസർ | | | ഡോ.സദാശിവൻ | 1-4-2013 മുതൽ 31-3-2014 വരെ |
| വെറ്റിനറി സർജൻ | | | ഡോ.സുനിൽവിൽസൻ | 1-4-2013 മുതൽ 31-3-2014 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | | | ശ്രീമതി.സിന്ധു.എൽ | 1-4-2013 മുതൽ 31-3-2014 വരെ |

| | | | | |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീ. ആർ എസ്.ഗ്രേഷ്യസ് രാജ് | 1-4-2013 മുതൽ 31-3-2014 വരെ |
| വി. ഇ. ഒ. | | | ശ്രീ. അഭിലാഷ് | 1-4-2013 മുതൽ 31-3-2014വരെ |
| | | | ശ്രീമതി.ശ്രീദേവി | 1-4-2013 മുതൽ 31-3-2014 വരെ |
| കൃഷി ഓഫീസർ | | | ശ്രീമതി.എ.ചാന്ദിനി | 1-4-2013 മുതൽ 9-3-2014 വരെ |
| | | | ശ്രീമതി.സുനിത.വി.എസ് | 10-3-2014 മുതൽ 31-3-2014 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി | 2-1 | |
| 13 | ഡി.ആന്റ്.ഓ. ലൈസൻസ് - അപാകതകൾ. | 2-2 | |
| 14 | പഞ്ചായത്ത് മേഖലയിൽ ലൈസൻസില്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു. | 2-3 | |
| 15 | പരസ്യനികുതി ഈടാക്കുന്നില്ല. | 2-4 | |
| 16 | വസ്തുനികുതി - കുടിശ്ശിക –5,93,368/- രൂപ | 2-5 | |
| 17 | ക്ഷേമപെൻഷൻ അപാകതകൾ | 2-6 | |
| | ഭാഗം 3 | | |
| 18 | 5% അധിക തുക അനുവദിച്ചു | 3-1 | |
| 19 | ലെവൽ ഫീൽഡ്ബുക്ക് ഹാജരാക്കിയില്ല | 3-2 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-3 | |
| 21 | കമ്പിയുടെ അളവ് | 3-4 | |
| 22 | കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല | 3-5 | |
| 23 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കു വരുത്തിയതിൽ കാലതാമസം | 3-6 | |
| 24 | എ.ഡി.എസ്സ് അക്കൗണ്ടുകളിലെ തുക നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-7 | |
| 25 | ഭൂവികസന പ്രവൃത്തികളിലെ അപാകതകൾ | 3-8 | |
| 26 | വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിക്കാൻ പാടില്ല | 3-9 | |
| 27 | ചെലവിനു രേഖകളില്ല | 3-10 | |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-792 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം നൽകി | 3-11 | |
| 29 | നെയ്യാർ ഇറിഗേഷൻ പ്രോജക്ടിനു കീഴിലുള്ള കനാലുകൾ നവീകരിക്കുന്നതിനു തുക ചെലവഴിച്ചു | 3-12 | |

| | | | |
|---|---|---|---|
| 30 | ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പാലിച്ചില്ല | 3-13 | |
| 31 | ഇ.എം.എസ് ഭവനപദ്ധതി - അപാകതകൾ | 3-14 | |
| 32 | ആശ്രയ ഭവനം പൂർത്തിയായില്ല | 3-15 | |
| 33 | സ്വയം തൊഴിൽ പദ്ധതി പൂർത്തീകരണ രേഖകളില്ല | 3-16 | |
| 34 | പാലിയേറ്റിവ് കെയർ - രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു | 3-17 | |
| 35 | ഐ.സി.ഡി.എസ് എഗ്രിമെന്റ് പ്രകാരമുള്ള ഉറപ്പുകൾ പാലിക്കുന്നില്ല | 3.18 | |
| 36 | ഗുണഭോക്തൃ ലിസ്റ്റിൽ പെടാത്ത ആൾക്കു സൈക്കിൾ നൽകൽ തുക നിരാകരിക്കുന്നു. | 3.19 | |
| 37 | വിദ്യാർത്ഥികൾക്ക് പഠനോപകരണം ലക്ഷ്യം കൈവരിച്ചില്ല | 3.20 | |
| 38 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 3.21 | |
| 39 | കറവ പശു വളർത്തൽ പരാജയം | 3-22 | |
| | ഭാഗം 4 | | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 41 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 43 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 45 | ഓഡിറ്റ് റിക്കവറി | 4-6 | |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-9 | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-10 | |


# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1. ബജറ്റ്

2013-14വർഷത്തെ ബജറ്റ് 30-3-2013 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2014 | 28-5-2014 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-2014 | 12.08.2014 | എൽ എഫ് റ്റി ഡി. എഫ്. 1 /1001/2014(33) dt.16/10/2014, unqualified |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ്

പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 12713458.70

വരവ് - 77855153

ആകെ - 90568611.70

ചെലവ് - 67006309

നീക്കിയിരിപ്പ് - 23562302.70

പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ കാലികമാക്കി, സാമ്പത്തിക വർഷാരംഭത്തിന് മുൻപ് പഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവടസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകേണ്ടതാണ്. കുടിശ്ശിക ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ തൊഴിൽ നികുതി പിഴപലിശ ഉൾപ്പെടെ ഈടാക്കണം. നാളിതുവരെ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന റേഷൻകടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽനികുതിയും, സേവന നികുതിയും ഈടാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് മേഖലയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുവാൻ ബൈലോ പാസ്സാക്കി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2013-14- ൽ പഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട വസ്തുനികുതി 5,93,368/-രൂപയാണ്. ഔട്ട് ഡോർ കളക്ഷൻ നടത്തിയും ഉചിത മാർഗ്ഗേണയും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുക കെ.എസ് .ഇ.ബി യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും പണി ആരംഭിച്ചിട്ടില്ല. ഇത് അടിയന്തിരമായി ചെയ്യിക്കേണ്ടതും, സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന ലൈറ്റുകളുടെ എണ്ണം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

146 സ്ട്രീറ്റ് ടാപ്പുകളുടെ വാടകയിനത്തിൽ 2013-14 സാമ്പത്തിക വർഷം 351136/- രൂപ ഒടുക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ നാളിതുവരെ സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയതായി കാണുന്നില്ല. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന നടത്തി വെള്ളക്കരം നിശ്ചയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2742669 | 16202000 | 18944669 | 14595012 | 4349657 | 77.04 |
| വികസനഫണ്ട് എസ്.സി.പി. | 670427 | 2196000 | 2866427 | 2222054 | 644373 | 77.51 |
| വികസനഫണ്ട് ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 566425 | 11465000 | 12031425 | 7071224 | 4960201 | 58.77 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 21900 | 4192000 | 4213900 | 3561707 | 652193 | 84.52 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1050792 | 8859881 | 9910673 | 9287042 | 623631 | 93.7 |
| പെർഫോമൻസ് ഗ്രാന്റ് | 4555202 | 4815000 | 9370202 | 2082945 | 7287257 | 22.22 |
| എ.എൻ. ആർ.ഇ.ജി.എസ്. | 114962 | 2362400 | 2477362 | 2470497 | 6865 | 99.72 |
| ബി ഫണ്ട് | | 11989585 | 11981585 | 11981585 | 0 | 100 |
| സാക്ഷരത | | 28080 | 28080 | 28080 | 0 | 100 |
| റ്റി.എസ്സി. | | 1173592 | 1173592 | | 1173592 | 0 |
| ഐ. സി. ഡി. എസ്. | | 740046 | 740046 | 611689 | 128357 | 82.65 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഷെയർ | | | | | | |
| ശുചിത്വമിഷൻ | | 911059 | 911059 | 892860 | 18199 | 98 |
| ശുചിത്വമിഷൻ | | 2506648 | 2506648 | 2500000 | 6648 | 99.73 |
| ബ്ളോക്ക് പഞ്ചായത്ത്. | | 110000 | 110000 | | 110000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 62089553 | 112 | 39157964 | 16 | 32 | 70 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ലഭ്യമാക്കിയിട്ടില്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 56ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 897089 | 1454456 | 559347 | + 62 |
| നികുതിയേതര വരവുകൾ | 38590 | 32800 | 5790 | - 17.65 |
| മറ്റുവരവുകൾ | 169625 | 240244 | 70619 | + 41.63 |
| ആകെ | 1105304 | 1727500 | 622196 | + 56.29 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 266280 | 378 |
| കർഷകതൊഴിലാളി പെൻഷൻ | 2593381 | 542 |
| വിധവാപെൻഷൻ | 3956095 | 570 |
| വാർദ്ധക്യകാലപെൻഷൻ | 2135976 | 596 |
| വികലാംഗപെൻഷൻ | 2776778 | 394 |
| അവിവാഹിതരായ അമ്മമാർക്കുള്ള ധനസഹായം | 163128 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 9 |

ക്ഷേമ പെൻഷൻ പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാരേഖകളും രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 266280 | 378 |
| കർഷകതൊഴിലാളി പെൻഷൻ | 2593381 | 542 |

| | | |
|---|---|---|
| വിധവാപെൻഷൻ | 3956095 | 570 |
| വാർദ്ധക്യകാലപെൻഷൻ | 2135976 | 596 |
| വികലാംഗപെൻഷൻ | 2776778 | 394 |
| അവിവാഹിതരായ അമ്മമാർക്കുള്ള ധനസഹായം | 163128 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 9 |

ക്ഷേമ പെൻഷൻ പദ്ധതികളുമായി ബന്ധപ്പെട്ട എല്ലാരേഖകളും രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-5-2015 രാവിലെ 11.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3563/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

അപേക്ഷകൾ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിച്ച് രജിസ്റ്റർ ചെയ്ത് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നു. പഞ്ചായത്തിലെ വിവിധ മേഖലകളിൽ സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ പൂർണ്ണവിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-05-2015 | 2014-15 | ----------- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-02-2014 | 2008-09മുതൽ 2012-13 | 15-05-2014 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1. തൊഴിൽ നികുതി.

**(എ) ആകെ വരുമാനം ഉറപ്പ് വരുത്താതെ തൊഴിൽ നികുതി ഈടാക്കുന്നു.**

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3)പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത, സി.സി.എ,യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവ ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. എന്നാൽ 2013-14 സാമ്പത്തികവർഷം പഞ്ചായത്ത് പരിധിയിലെ ഭൂരിപക്ഷം സ്ഥാപനങ്ങളും ജീവനക്കാരുടെ ആകെ അർദ്ധവാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ, ബോണസ്സ് /ഉത്സവബത്ത എന്നിവ ഉൾപ്പെടുത്താതെയാണ് തൊഴിൽനികുതി ഒടുക്ക് വരുത്തിയിട്ടുള്ളത്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർദ്ധവാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ,ബോണസ്സ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

**(ബി) മതിയായ രേഖയില്ലാതെ തൊഴിൽ നികുതി ഇളവ് ചെയ്യുന്നു.**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-11-2000-ലെ ജി.ഓ.(ആർ.ടി)നം.17/88/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വികലാംഗരെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കണമെന്ന് അനുശാസിക്കുന്നു.എന്നാൽ വികലാംഗരാണെന്ന് തെളിയിക്കുന്ന രേഖകൾ നികുതി

പത്രികയോടൊപ്പം ഹാജരാക്കാത്ത ജീവനക്കാരെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നു. ഉദാ.സുന്ദരൻ നാടാർ, വി.എഫ്.എ, കരുംകുളം വില്ലേജ് ഓഫീസ്, എം.വിജയൻ, ഒ.എ),കൃഷി ഭവൻ, കരുംകുളം. ഭാവിയിൽ തൊഴിൽ നികുതി നിർണ്ണയിക്കുമ്പോൾ വികലാംഗരെ തൊഴിൽ നികുതിയിൽ നിന്നൊഴിവാക്കുവാൻ നികുതി പത്രികയോടൊപ്പം ബന്ധപ്പെട്ടയാൾ വികലാംഗനാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

<u>(സി)സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും സ്ഥാപന നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന "കെ.എസ്.ഇ.ബി"എന്ന സ്ഥാപനത്തിൽ നിന്ന് 2013-14 സാമ്പത്തിക വർഷം സ്ഥാപനനികുതി ഈടാക്കിയിട്ടില്ല. ഇതേ വിഷയം 2012-13സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും (നം.എൽ.എഫ്.റ്റി.ഡി.ജി.പി.3/294/2014,

തിയതി.04/07/2014)പരാമർശിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശികയുൾപ്പെടെ സ്ഥാപന നികുതിയീടാക്കുവാൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.കുടിശ്ശികയുൾപ്പെടെ മേൽ സ്ഥാപനത്തിൽ നിന്ന് സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പട്ട സെക്രട്ടറി ഉത്തരവാദിയായിരിക്കും.

## 2-2. ഡി.ആന്റ്.ഓ. ലൈസൻസ് - അപാകതകൾ.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പക്രപ്പ് നൽകലും)ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ തയ്യറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ കച്ചവട സ്ഥാപനങ്ങളെ മുഴുവൻ ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ 2013-14 ലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 79 കച്ചവട സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങിയിട്ടുണ്ട്. എന്നാൽ 2012-13 സാമ്പത്തിക വർഷം 88 സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങിയിട്ടുള്ളത്. ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം മുൻ വർഷത്തേക്കാൾ 2013-14വർഷം 9 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ടായിരുന്നെങ്കിൽ ലൈസൻസ് എടുക്കാതെപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികളെടുക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നു. ബന്ധപ്പെട്ട വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം.5ന് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-3 പഞ്ചായത്ത് മേഖലയിൽ ലൈസൻസില്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലിസ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.ഗ്രമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 19റേഷൻ കടകൾ പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ പ്രവർത്തിക്കുന്ന സ്ഥലം, വാർഡ് എന്നിവ സംബന്ധിച്ച വിവരങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്.

| ക്രമ നം. | റേഷൻ കടകൾ പ്രവർത്തിക്കുന്ന സ്ഥലം | വാർഡ് നം. | കടകളുടെ എണ്ണം |
|---|---|---|---|
| 1 | പി.എച്ച്.സി.പുല്ലുവിള | 1 | 5 |
| 2 | കിളിത്തട്ട് | 2 | 1 |
| 3 | പഞ്ചായത്ത് ഓഫീസ് | 3 | 3 |
| 4 | നമ്പ്യാതി | 4 | 1 |
| 5 | പരിത്തിപ്പാറ | 5 | 3 |
| 6 | കല്ലുമുക്ക് | 7 | 1 |
| 7 | കരുംകുളം | 8 | 1 |
| 8 | കൊച്ചുതുറ | 9 | 1 |
| 9 | ആഴാങ്കൽ | 10 | 1 |

| | | | |
|---|---|---|---|
| 10 | പള്ളം | 14 | 2 |
| | ആകെ | | 19 |

മുകളിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2015-16 മുതൽ ലൈസൻസ് നൽകുവാനും സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുവാനും ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 4 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്തിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ത.പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 25/05/2015-ലെ (നമ്പർ 8) ഓഡിറ്റ് എൻക്വയറിക്ക് ബൈലാ പാസ്സാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾസ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം ഉയർത്തുവാൻ ബന്ധപ്പെട്ടവിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി - കുടിശ്ശിക –5,93,368/- രൂപ.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി,ബി.പത്രിക,വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2013-14സാമ്പത്തിക വർഷം കുടിശ്ശികയും തന്നാണ്ടും ഉൾപ്പെടെ 5,93,368/-രൂപ വസ്തു നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ്കിട്ടാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയ തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രികയനുസരിച്ച് 2013-14 സാമ്പത്തിക വർഷത്തിൽ കുടിശ്ശികയും തന്നാണ്ടും ഉൾപ്പെടെ വസ്തു നികുതിയിനത്തിൽ ഗ്രാമപഞ്ചായത്ത് പിരിച്ചെടു ക്കേണ്ട തുകയാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്രമനം | | ഡിമാന്റ് | കളക്ഷൻ | ശതമാനം | ബാലൻസ് |
|---|---|---|---|---|---|
| 1 | കുടിശ്ശിക | 491281 | 216811 | 44 | 274470 |
| 2 | തന്നാണ്ട് | 947673 | 628775 | 66 | 318898 |
| | ആകെ | 1438954 | 845586 | | 593368 |

കുടിശ്ശികയും തന്നാണ്ടുമായി ഗ്രാമപഞ്ചായത്തിന് കിട്ടേണ്ട 5,93,368/-രൂപ ഭരണതലത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് പിരിച്ചെടുക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം പ്രസ്തുത തുക 3 വർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാതിരുന്നാൽ പ്രസ്തുത തുക കാലഹരണപ്പെടുന്നതായിരിക്കും.

അപാകതകൾ:

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രികയിൽ 2013-14 സാമ്പത്തിക

വർഷത്തെ വസ്തുനികുതി അരിയർ ബാലൻസ് 2,74,470/-രൂപയും, എ.എഫ്.എസ്സിൽ അരിയർ ബാലൻസ് 2,88,195/-രൂപയുമാണ്. ഡി.സി.ബി.പത്രികയിലെ അരിയർ ബാലൻസിനേക്കാൾ 13,725/-രൂപ എ.എഫ്.എസ്സിലെ അരിയർ ബാലൻസ് തുകയിൽ കൂടുതലായി കാണിച്ചിരിക്കുന്നു. അതുപോല ഡി.സി.ബി. പത്രികയിൽ കറന്റ് ബാലൻസ് 3,18,898/-രൂപയും എ.എഫ്.എസ്സിലെ കറന്റ് ബാലൻസ് 3,34,843/-രൂപയുമാണ്. ഡി.സി.ബി.പത്രികയിലെ കറന്റ് ബാലൻസിനേക്കാൾ 15,945/-രൂപ ബന്ധപ്പെട്ട എ.എഫ്.എസ്സിൽ കൂടുതലായി കാണിച്ചിരിക്കുന്നു. ഡി.സി.ബിയിലും എ.എഫ്.എസ്സിലും ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടേണ്ട വസ്തുനികുതിയുടെ കൃത്യത ഉറപ്പ് വരുത്തി വസ്തുനികുതിയിലെ കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിശ്ശിക നികുതി ഈടാക്കുവാൻ നടപടി അനിവാര്യം.

വസ്തുനികുതിയുടെ കുടിശ്ശികയും, തന്നാണ്ടും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് അടിയന്തിര നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. കുടിശ്ശിക നികുതി പിരിച്ചെടുക്കുവാൻ 18-05-2013 ൽ (IV നമ്പർ തീരുമാനം) പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

കൂടാതെ 2013-14 സാമ്പത്തിക വർഷം ഔട്ട് ഡോർ കളക്ഷൻ നടത്തിയിട്ടില്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 5% അധിക തുക അനുവദിച്ചു

പ്രോജക്ട് നം - SOO177/14

പ്രോജക്ടിന്റെ പേര്- ചെമ്പനാവിള-എസ്.സി.കോളനി കോൺക്രീറ്റ്

അടങ്കൽ - 400000(de.fu)

അളവ് പുസ്തകം - 44/13-14

കൺവീനർ - ശ്രീ.സാബു

നിർവഹണം - ശ്രീ. ഗ്രേഷ്യസ് രാജ് A.E

ഡി.ഡി.നം. - 722028/07.04.14 -373584.00 രൂപ

ബിൽ നം. - 71/13-14/31.03.13

ഈ പ്രവൃത്തിയുടെ ഇനം 3 ആയി cement concrete 1:3:6 പ്രവൃത്തിയ്ക്ക്, ബിൽ പ്രകാരം 136/10dm3 നിരക്കിൽ 16580x136/10dm3=225488രൂപ വിനിയോഗിച്ചു.എന്നാൽ അളവു പുസ്തകം പ്രകാരം 15960x136/10dm3=217056രൂപയാണ് ഈ ഇനത്തിന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽഅധികം അനുവദിച്ച 8432രൂപ എ.ഇ.ൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ വിഷയം അന്വേഷണക്കുറിപ്പ് നം 16 ലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. മറുപടി ലഭ്യമാക്കിയിട്ടില്ല.

നഷ്ടോത്തരവാദികൾ - ശ്രീ. ഗ്രേഷ്യസ് രാജ്, അസി. എഞ്ചിനീയർ

### 3-2 ലെവൽ ഫീൽഡുബുക്ക് ഹാജരാക്കിയില്ല

പ്രോജക്ട് നം. - SO 109/13(ഒൻപതാം വാർഡിൽ എം.എൻ തോട്ടം സ്റ്റേഡിയം നിർമ്മാണം)

അടങ്കൽ - 637000(dev.fu)

അളവുപുസ്തകം - 16/13-13

കൺവീനർ - ശ്രീ. യേശുദാസൻ

നിർവഹണം - ശ്രീ. ഗ്രേഷ്യസ് രാജ്

ഡി.ഡി.നം. - 086157/06.04.13-26581 രൂപ

- 845454/20.08.13-326317രൂപ

ഈ പ്രവൃത്തിയുടെ ഇനം 4 ആയി 1063m3 മണ്ണ് നിറയ്ക്കുന്നതിന് 1063x2505/10m3 = 266281.5രൂപ ചെലവഴിച്ചു. ഗവ.സർക്കുലർ നം 760/M3/87 PW&T 17.02.1987പ്രകാരമുള്ള ലെവൽ ഫീൽഡുബുക്ക് ഹാജരാക്കാത്തതിനാൽ 2,66,281/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-നു മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-3 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായില്ല-2.66 ലക്ഷം രൂപ നിഷ്ക്രിയമായി കെ.എസ്.ഇ.ബി. യിൽ

2012-13 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനു വേണ്ടി ഡി.ഡി.നം 328121/22.03.13,328146/23.03.13 എന്നിവ പ്രകാരം 2.37 ലക്ഷം രൂപ KSEB യിൽ ഒടുക്കു വരുത്തി. പ്രസ്തുത തുകയിൽ സെന്റേജ് ഉൾപ്പെടാത്തതിനാൽ S0175/14 എന്ന പ്രോജക്ട് പ്രകാരം (ഡി.ഡി.നം720848/24.03.14) 29,625/-രൂപയും മുൻപ് നൽകിയ ഡി.ഡി. റീവാലിഡേറ്റ് ചെയ്ത് (ഡി.ഡി.നം-721294/29.03.14-1,42,000/-രൂപ, 721295/29.03.14- 95,000 രൂപ) ആകെ 2,66,625/- രൂപ KSEB യിൽ ഒടുക്കു വരുത്തി.

1. ജി.ഒ (പി)177/06/FIN 12.04.06 പ്രകാരം, ഡെപ്പോസിറ്റ് ചെയ്യുന്ന തുക സംബന്ധിച്ച കരാർ വെയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

2.തുക വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം ലഭ്യമായില്ല. ഇക്കാരണങ്ങളാൽ 2,66,625/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 കമ്പിയുടെ അളവ്

പ്രോജക്ട് നം. - SOO21/14

പ്രോജക്ടിന്റെ പേര് - ഗാന്ധി ജയന്തി റോഡ് നവീകരണം

അടങ്കൽ - 575000(MGR)

എം.ബുക്ക് - 09/13-14

കരാറുകാരൻ - ശ്രീ.സെൽവരാജ്

നിർവഹണം - ശ്രീ.ഗ്രേഷ്യസ് രാജ്,എ.ഇ

ഡി.ഡി.നം. - 720183/10.03.14

ഡി.ഡി.തുക - 11,72,000/-

ഈ പ്രവൃത്തിയുടെ ഇനം 6 ആയി 110 സ്ളാബുകൾ നിർമ്മിച്ചു. (cement concrete1:2:4 using 20mm broken stone) 90cm നീളവും 10cm കനവും 50cm വീതിയുമുള്ള സ്ളാബുകൾക്ക് നീളവശം ആധാരമാക്കി 110 x 6 x 0.85 = 561മീറ്റർ കമ്പിയുടെ ആവശ്യകത വകയിരുത്തി. എന്നാൽ എസ്.ഒ. ആർ പ്രകാരം 110 x 5 x 0.85 = 467.5 മീറ്റർ കമ്പി മാത്രമേ ആവശ്യമുള്ളു. അധികമായി വകയിരുത്തിയ കമ്പിയുടെ വില 93.5x0.395x6339/qtl=2341/- രൂപയുടെ പാഴ്ചെലവിനു ഇടയാക്കി ഈ വിഷയം സംബന്ധിച്ചു നൽകിയ 16/15 എന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിനു മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-5 കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

പ്രോജക്ട് നം - SOO136/13

പ്രോജക്ടിന്റെ പേര് - കുളപ്പുര കുടിവെള്ള പദ്ധതി നവീകരണം

അടങ്കൽ - 1172000(W.B)

എം.ബുക്ക് - 02/13-14

കരാറുകാരൻ - ശ്രീ.ജെ.മണി

നിർവഹണം - ശ്രീ.ഗ്രേഷ്യസ് രാജ്

പ്രവൃത്തി ആരംഭിച്ച ദിവസം - 04/09/13

പ്രവൃത്തി അവസാനിച്ച ദിവസം- 15.02.14

പി.എ.സി തുക - 1172000

ഡി.ഡി.നം. - 720183/10.03.14

ഡി.ഡി.തുക - 1172000

പത്രപ്പരസ്യം, കരാർ എന്നിവ പ്രകാരം മൂന്നു മാസമാണ് ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്.04/12/13 മുതൽ15/02/14 വരെ 72 ദിവസത്തേയ്ക്ക് ജി.ഒ(പി) 13/2012/ P.W.D/ 01.02.2012- ഖണ്ഡിക2112.1 പ്രകാരം 1% നിരക്കിൽ ബാധകമായ പിഴ, 1172000 X 72/90 X 1/100 = 9376 രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ 16/15 എന്ന അന്വേഷണക്കുറിപ്പിനു മറുപടി നൽകിയിട്ടില്ല

## 3-6 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഒടുക്കു വരുത്തിയതിൽ കാലതാമസം

2011-ലെ കേരളാ പഞ്ചായത്തു രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 47 പ്രകാരം 30 ദിവസത്തിൽ കൂടുതൽ ഡി.ഡി.രൂപത്തിൽ പണം കൈവശം സൂക്ഷിക്കാൻ പാടില്ല.ഓരോ മാസാന്ത്യത്തിലും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം ഇനത്തിൽ

വർക്കുബില്ലുകളിൽ നിന്ന് ഈടാക്കുന്ന തുക പ്രസ്തുത ബോർഡിൽ ഒടുക്കു വരുത്തുന്നതിൽ വളരെയധികം കാലതാമസം ഉണ്ടായിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഡിഡിനം, തീയതി,തുക | ഡി.ഡി. അടവാക്കേണ്ടിയിരുന്ന അവസാന തീയതി. | ഡി.ഡി. അടവാക്കിയ തീയതി. | കാലതാമസം |
|---|---|---|---|---|---|
| 1 | തുണ്ടത്തിൽ മേലതിൽ വിളാകം നടപ്പാത | 845452/20.08.13 RS.1971 | 30.08.13 | 26.12.13 | 117 ദിവസം |
| 2 | കറുത്താൻവിള പബ്ളിക്ക് വെൽ മെയിന്റനൻസ് | 845664/30.08.13 RS.810 | ´´ | ,, | ,, |
| 3 | സ്റ്റേഡിയം നിർമ്മാണം | 845455/20.08.13 RS.3296 | ,, | ,, | ,, |

നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡിനു ജനക്ഷേമകരമായി വിനിയോഗിക്കാനുള്ള തുക അധികദിവസം കൈവശം സൂക്ഷിക്കാൻ പാടില്ല.തുക യഥാസമയം ഒടുക്കു വരുത്തുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 3-7 എ.ഡി.എസ്സ് അക്കൗണ്ടുകളിലെ തുക നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2013-14 സാമ്പത്തിക വർഷം തൊഴിലാളികൾ തന്നെ പണിയായുധങ്ങൾ കൊണ്ടു വരികയും വാടക അവ കൊണ്ടു വരുന്ന തൊഴിലാളിയുടെ അക്കൗണ്ടിൽ തന്നെ ക്രെഡിറ്റ് ചെയ്യുകയുമാണ് ചെയ്തിരിക്കുന്നത്. എന്നാൽ മുൻപ് ഗ്രാമപ്പഞ്ചായത്ത് പണിയായുധങ്ങൾ വാങ്ങി എ.ഡി.എസ്സുമാർക്ക് നല്കുകയും ആയുധങ്ങളുടെ മെയിന്റനൻസ്, കേടായ ആയുധങ്ങളുടെ മാറ്റി വാങ്ങൽ എന്നിവയ്ക്കുള്ള തുക എ.ഡി.എസ്സ് അക്കൗണ്ടിലേക്ക് നല്കുകയും ചെയ്തിരുന്നു. നിലവിൽ എ.ഡി.എസ്സിനു നല്കിയ പണിയായുധങ്ങൾ ഉപയോഗിക്കാത്തതിനാൽ, ഉപയോഗക്ഷമമായ ആയുധങ്ങളുടെ എണ്ണം നിർണ്ണയിക്കേണ്ടതും എ.ഡി.എസ്സ് അക്കൗണ്ടുകളിൽ വാടകയിനത്തിൽ അവശേഷിക്കുന്ന തുക നിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-8 ഭൂവികസന പ്രവൃത്തികളിലെ അപാകതകൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മുഖേന നിർവഹിച്ച ഭൂവികസന പ്രവൃത്തികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഭൂവുടമയുടെ റേഷൻ കാർഡ്,കരം തീർത്ത രസീത് എന്നിവ പ്രോജക്ട് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല.

2.വ്യക്തിഗത ഭൂവുടമ പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുത്തില്ല. ഉദാഹരണമായി pro 174/13-14 ന്റെ ഗുണഭോക്താക്കൾ ശ്രീ.ജയകുമാർ,ശ്രീ.സൈമൺ,ശ്രീമതി.മേബിൾ എന്നിവർ പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുത്തില്ല.

## 3-9 വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിക്കാൻ പാടില്ല

എൻ. ആർ.ജി.എസ്സ് മുഖേന തൻ വർഷം നിർവഹിച്ച പ്രവൃത്തികളിൽ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്താതെ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുണ്ട്.ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. - 225/13-14(തീരദേശ റോഡ് നിർമ്മാണം)

അടങ്കൽ - 1,50,000/-

അളവു പുസ്തകം - 243/13-14

നടപ്പാതയുടെ ഇരുവശത്തു നിന്നും പുല്ലും കുറ്റിച്ചെടികളും നീക്കൽ, മാലിന്യ നിക്ഷേപണത്തിനു കുഴി എടുക്കൽ,കുറ്റിച്ചെടികളും മാലിന്യങ്ങളും കുഴികളിൽ നിക്ഷേപിക്കൽ എന്നീ ഇനങ്ങളുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്താതെ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ തുക അനുവദിച്ചു. അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കേണ്ടതാണ്

## 3-10 ചെലവിനു രേഖകളില്ല

അസിസ്റ്റന്റ് എഞ്ചിനീയർ കരുംകുളം ഗ്രാമപ്പഞ്ചായത്ത് 2013-14 സാമ്പത്തിക വർഷം നിർവണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല.

| Bill no. date | amount |
|---|---|
| 02/13-14 13.08.13 | 349390 |
| 05/13-14 29.08.13 | 85859 |
| 06/13-14.05.10.13 | 33369 |
| 09/13-14.31.10.13 | 444915 |
| 12/13-14.28.11.13 | 536332 |
| 31/13-14 12.2.14 | 81425 |
| 33/13-14 28.02.14 | 378256 |
| 34/13-14 12.02.14 | 859681 |
| 37/13-14 21.03.14 | 29684 |
| 39/13-14 21.03.14 | 113000 |
| 45/13-14 21.03.14 | 588591 |
| 48/13-14 28.03.14 | 26988 |
| 49/13-14 28.03.14 | 27275 |
| 59/13-14 28.03.14 | 105255 |
| 72/13-14.31.3.14 | 292485 |

ഫയലുകൾ, കാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ 39,52,505/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-792 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം നൽകി.

2013-14 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലൂടെ 792 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം നൽകാനായി. വനിതാ തൊഴിലാളികൾക്ക് അർഹമായ ഓണക്കോടിക്കുള്ള ധനസഹായം 779 പേർക്ക് ലഭിച്ചു. 13/09/13 നു മുൻപ് പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യുന്നതിന് 1393/ESGA/13/REGS.07.09.13 ഉത്തരവു മുഖേന സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും 30/09/13-നു മാത്രമാണ് പ്രസ്തുത ആനുകൂല്യം ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കിയത്. ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

## 3-12 നെയ്യാർ ഇറിഗേഷൻ പ്രോജക്ടിനു കീഴിലുള്ള കനാലുകൾ നവീകരിക്കുന്നതിനു തുക ചെലവഴിച്ചു.

ചെറുകിട ജലസേചന വകുപ്പിനു കീഴിലുള്ള നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ കനാലുകൾ നവീകരിക്കുന്നതിന് എൻ.ആർ.ജി.എസ്സ് പദ്ധതിയുടെ തുക ചെലവഴിച്ചു. (ഉദാ-pro.no.240/13-14ലൂർദ്ദ്പുരം കനാൽ ശുചിയാക്കൽ). എന്നാൽ,

1) എൻ.ആർ.ജി.എസ്സ് പദ്ധതിയുടെ തുക മറ്റൊരു വകുപ്പിനു കീഴിലുള്ള ആസ്തി നവീകരിക്കാൻ നിലവിൽ വ്യവസ്ഥ ഇല്ല.

2) പ്രവൃത്തി നിർവഹിക്കുന്നതിന് N.I.Pയുടെ അനുമതി വാങ്ങിയില്ല. ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-13. ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പാലിച്ചില്ല.

പദ്ധതികളുടെ ഫയലുകളോടൊപ്പം 1997 ലെ കേരളാ പഞ്ചായത്ത് രാജ്(പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. സമിതി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ തുടങ്ങിയ സംയുക്ത ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക്, വരവുചെലവുകൾ രേഖപ്പെടുത്തിയ കണക്കുപുസ്തകം, ഗുണഭോക്തൃസമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്നതിന്റെ മിനിട്ട്സ് തുടങ്ങിയ പ്രധാനപ്പെട്ടതും ഒഴിവാക്കാനാവാത്തതുമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

2. വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

3. ചെലവുകൾ രേഖപ്പെടുത്തിയ കണക്കുപുസ്തകം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ കണക്ക് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

4. മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് 16/12/2014ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 16ന്, മറുപടി നല്കിയില്ല.

## 3-14. ഇ.എം.എസ് ഭവനപദ്ധതി - അപാകതകൾ

(1) ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

പദ്ധതി നമ്പർ - Moo90/10

അടങ്കൽ

വികസന ഫണ്ട് - 5500000/-

തനതുഫണ്ട് - 125000/-

വായ്പ - 12300000/-

ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 2459915/-

ജില്ലാപഞ്ചായത്ത് വിഹിതം - 3815085/-

ആകെ - 24200000/-

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ,

| ക്രമനമ്പർ | പേര് | നൽകിയ തുക | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 1 | തോമസ് | 22500/- | E10960, 03/03/2010 |
| | | 30000/- | F3412 , 18/07/2011 |
| 2 | ഫെൽസിറ്റ അംബ്രോസ് | 22500/- | E3961, 18/08/2010 |
| | | 30000/- | P3115, 02/12/2011 |
| | | 15000/- | F3184, 25-06-2012 |
| 3 | ബ്രജിത്ത് | 22500/- | E3881, 20/08/2010 |
| | | 30000/- | P10941, 23/02/2011 |
| | | 15000/- | F3030, 03/10/2011 |
| 4 | മര്യഗൊരേറ്റി | 22500/- | F3443, 24/08/2011 |
| 5 | സജീവ്.പി.എസ് | 22500/- | E4652, 08/07/2010 |
| | | 30000/- | E10302, 08/12/2010 |
| | | 15000/- | E11506, 21/05/2011 |
| 6 | ജൂസമ്മ. | 22500/- | E3860, 04/08/2010 |
| 7 | മാർഗ്ഗരീത്ത് | 22500/- | E3946, 18/08/2010 |
| 8 | സീനമേരി | 22500/- | E10541, 15/12/2010 |
| 9 | മര്യനക്ഷത്രം | 22500/- | E10257, |
| | | 30000/- | 3156, |
| 10 | അടിമ ജോസഫി | 22500/- | E10251, 06/11/2010 |
| 11 | മേരിശാന്ത. | 22500/- | E10210, 19/10/2010. |

ഇ.എം.എസ് ഭവനപദ്ധതിധനസഹായം കൈപ്പറ്റിയ മേൽപ്പറഞ്ഞ പതിനൊന്നു ഗുണഭോക്താക്കളുടെ വീടുകൾപൂർത്തിയാക്കാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്നതായി കാണുന്നു. ഓഡിറ്റ് എൻക്വയറി നമ്പർ - 3 ൽ ആവശ്യപ്പെട്ട വിശദീകരണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഉണ്ടാക്കിയ കരാറിൽ ഒരു വർഷത്തിനകം പണി പൂർത്തിയാക്കാമെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഇടപെട്ട് ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

(2)3400000/- രൂപ ബാക്കി

ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി കരുംകുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിലാരംഭിച്ച 4394-ാം നമ്പർ അക്കൗണ്ടിൽ 09/04/2015 – ൽ 3412023/- രൂപ അവശേഷിക്കുന്നു. 11 ഗുണഭോക്താക്കൾക്ക് ബാക്കി തുക നൽകാനുള്ളതിനാൽ ഈ വിവരം സർക്കാരിലറിയിച്ച്, സർക്കാർ നിർദ്ദേശ പ്രകാരം അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ആശ്രയ ഭവനം പൂർത്തിയായില്ല.

പ്രോജക്ട് നമ്പർ - S00147/2014

അടങ്കൽ - 500000/-

ചെലവ് തുക - 220000/-

ആശ്രയ പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി തുക നൽകിയ ശ്രീമതി. സബീന, (ചെമ്പകരാമൻതുറ, പുല്ലുവിള.പി.ഒ.) നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നമ്പർ, തീയതി |
|---|---|
| 20,000/- | 720167, 13-03-2014 |
| 60,000/- | 720507. 25-03-2014 |
| 60,000/- | 721228, 29-03-2014 |
| 80,000/- | 290276, 24-07-2014 |
| ആകെ- 2,22,000/- | |

ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ 128- ാം നമ്പരായി ഉൾപ്പെട്ട ശ്രീമതി. സബീന 10-02-2014- ൽ ഭവന നിർമ്മാണത്തിനായി കരാർ സമർപ്പിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രസ്തുത സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് പണി പൂർത്തിയാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/26-05-14. ന് ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് സർക്കാർ അനുവദിച്ചതിനേക്കാൾ കൂടിയ അളവിൽ പണിതതിനാൽ അവസാന ഗഡു നൽകാൻ കഴിഞ്ഞില്ലെന്നാണ്. വിവരം പഞ്ചായത്ത്കമ്മിറ്റിയെ അറിയിക്കുകയും, കമ്മിറ്റി അസിസ്റ്റന്റ്എഞ്ചിനീയറെ പരിശോധനയ്ക്കായി നിയോഗിയ്ക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, 1200 sq.ft. അളവിൽ വീട് പണിതിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 4 ഗഡു തുക വരെ നൽകിയ ഘട്ടങ്ങളിലൊന്നും ഇത് കണ്ട്പിടിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്ന വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത്തരം അപാകതകൾ കണ്ടെത്തി പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിൽ സംഭവിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 സ്വയംതൊഴിൽ പദ്ധതി പൂർത്തീകരണ രേഖകളില്ല.

-

<u>(എ)പ്രോജക്ടിന്റെ പേര് - വനിതകൾക്ക് സ്വയം തൊഴിൽ</u>

പ്രോജക്ട് നമ്പർ - SOO 79/14

അടങ്കൽ

വികസന ഫണ്ട്(ജനറൽ) - 737531/-

13-ാം ധനകാര്യ കമ്മിഷൻ - 262469/-

ധനകാര്യ സ്ഥാപനങ്ങളിൽ

നിന്നുള്ള വായ്പ - 2000000/-

ആകെ - 3000000/-

ചെലവ് തുക - 500000/-

ബിൽനമ്പർ - 26/13-14, 26/03/2014

പദ്ധതി പ്രകാരം പത്ത് വനിതാ സംഘങ്ങൾക്കുള്ള സബ്സിഡി തുക 500000/- രൂപ ഡി.ഡി നമ്പർ 721303, 29-03-2014 പ്രകാരം കരുംകുളം ഇന്ത്യൻ ബാങ്കിൽ നൽകിയിട്ടുണ്ട്. എന്നാൽ സംഘങ്ങൾ തുക കൈപ്പറ്റിയതിന്റെ രേഖകളൊന്നും ഓഡിറ്റിന്

ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>(ബി)പ്രോജക്ടിന്റെ പേര് - വികലാംഗർക്ക് സ്വയം തൊഴിൽ</u>

പ്രോജക്ട് നമ്പർ - SOO11/14

അടങ്കൽ

13-ാം ധനകാര്യ കമ്മിഷൻ - 300000/-

ധനകാര്യ സ്ഥാപനങ്ങളിൽ

നിന്നുള്ള വായ്പ - 700000/-

ആകെ - 1000000/-

ചെലവ് തുക - 285000/-

ബിൽനമ്പർ - 18/25-01-2014, 255000/-

22/22-03-2014, 15000/-

27/22-03-2014, 15000/-

പദ്ധതി പ്രകാരം പത്തൊൻപത് ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ബാങ്കിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയതിന്റെയോ, സംരംഭം ആരംഭിച്ചതിന്റെയോ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ ഖണ്ഡികകളിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ 785000/- (500000/- + 285000/- ) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വായ്പ പിൻവലിച്ച ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 പാലിയേറ്റിവ് കെയർ - രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. - SOO43 / 14

മെഡിക്കൽ ഓഫിസർ

തുക – 300000 [ വികസനഫണ്ട് ]

ബിൽ നം - 5/14 ,തിയതി - 20/ 03/14

അടങ്കൽ തുക - 3,00,000/-

ചെലവഴിച്ച തുക - 3,00,000/-

ചെലവ് രേഖകളൊന്നും ഹാജരാക്കാത്തതിനാൽ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ചെലവ് തുകയായ 3,00,000/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം നീക്കേണ്ടതാണ്.

## 3-18 ഐ. സി. ഡി. എസ്സ്. എഗ്രിമെന്റ് പ്രകാരമുള്ള ഉറപ്പുകൾ പാലിക്കുന്നില്ല.

പ്രോജക്റ്റ് നം. - SO122/14 വികലാംഗർക്ക് ട്രൈ സ്ക്കുട്ടർ (ജനറൽ)

തുക: - 630710/- വികസന ഫണ്ട്

ഡി.ഡി.നമ്പർ : 630700, തീയതി : 3/4/14

വികലാംഗരായ 10 പേർക്ക് ട്രൈ സ്കൂട്ടർ നൽകുന്നതാണ് പ്രോജക്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം ആനുകൂല്യം വിതരണം ചെയ്ത ഗുണഭോക്താക്കൾ കരാർ പ്രകാരം ആനുകൂല്യം ലഭിച്ച് മൂന്ന് മാസത്തിനകം ഡ്രൈവിംഗ് ലൈസൻസ് നേടി കോപ്പി ഹാജരാക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉറപ്പ് പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ :13-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 ഗുണഭോക്താതൃ ലിസ്റ്റിൽപ്പെടാത്ത ആൾക്കു സൈക്കിൾ നൽകി തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നം. - SO132/14

ഹൈസ്ക്കുൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ

തുക : 90,000/- (വികസനഫണ്ട്)

നിർവഹണം : എച്ച്. എം

ബിൽ നമ്പർ : 16/14(തീയതി :20/03/2014)

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി 10-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം 15 പേർക്ക് സൈക്കിൾ നൽകി. എന്നാൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിലോ പഞ്ചായത്ത് കമ്മിറ്റി ലിസ്റ്റിലോ പെടാത്ത ശ്രീമതി. രമ്യ .ആർ. എസ്. (താഴെ മഞ്ഞതോപ്പ്, കൊച്ചുപള്ളി) എന്ന ഗുണഭോക്താവിന് സൈക്കിൾ നൽകി. ഈ വർഷത്തിൽ തന്നെ എച്ച്. എം നടപ്പിലാക്കിയ പ്രോജക്റ്റ് നം. SO132/14 വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന പ്രോജക്ടിലും ശ്രീമതി. രമ്യ. ആർ. എസ് . ഗുണഭോക്താവാണ്. ആയതിനാൽ സൈക്കിൾ ഒന്നിന്റെ തുകയായ 5619/-രൂപ നിരാകരിക്കുന്നു. മാർഗ്ഗരേഖ (248/12 ത.സ്വ.ഭ.വ.) പ്രകാരം ഒരു സാമ്പത്തിക വർഷം ഒന്നിലധികം ആനുകൂല്യങ്ങൾ ഒരാൾക്ക് നൽകാൻ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ രണ്ടാമത് ലഭിക്കുന്ന ആനുകൂല്യമായ സൈക്കിളിന്റെ വിലയായ 5619/-രൂപ നിരാകരിക്കുന്നു. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-20 വിദ്യാർത്ഥികൾക്ക് പഠനോപകരണം ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്റ്റ് നം. SO167/14

വിദ്യാർത്ഥികൾക്ക് പഠനോപകരണം (പട്ടിക ജാതി)

തുക :2,40,000/-

Invoice no:SSETVM/2156 Date: 25/3/2014

ബിൽ നമ്പർ :3/13-14 തീയതി :26/03/2014

വിദ്യാർത്ഥികൾക്ക് പഠനോപകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട '60' കുട്ടികൾക്കു നൽകുന്നതിനായി Kerala Small Scale Industries Develeopment Corporation Ltd.-ൽ നിന്നും 60-സ്റ്റീൽ ടേബിളുകൾ വാങ്ങുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 60സ്റ്റീൽ ടേബിളുകളിൽ 55എണ്ണം മാത്രം നൽകിയിരിക്കുന്നു. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ '78' അർഹരായവർ ഉണ്ടായിരിക്കെ '55' പേർക്ക് മാത്രം സ്റ്റീൽ ടേബിളുകൾ നൽകിയ നടപടി ഉചിതമല്ല. സർക്കാർ മാർഗ്ഗരേഖയിൽ 4000/-രൂപ ചെലവാക്കി മേശയും കസേരയും വാങ്ങി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായ പദ്ധതി രൂപീകരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. സ്ഥല പരിശോധനയിൽ 5 മേശകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി കണ്ടെത്തി. ബാക്കി നിൽക്കുന്ന മേശ യഥാസമയം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-21 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല : തുക തടസപ്പെടുത്തുന്നു.

പ്രോജക്റ്റ് നം :138/14

- കരുംകുളം ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപക്കലും.

തുക : 100000/-

നിർവ്വഹണം - സെക്രട്ടറി

ബിൽ നമ്പർ :21/12തീയതി :28/3/2014

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും പോസ്റ്റ് മാറ്റി സ്ഥാപക്കലും. എന്ന പദ്ധതിക്കു വേണ്ടി വൗച്ചർ നമ്പർ : 21301048 (28/3/14) പ്രകാരം TSB-യിൽ നിന്നും തുക പിൻ പിൻവലിച്ച് K.S.E.B യിലേക്ക് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറി നമ്പർ :7നു മറുപടി നൽകുകയുണ്ടായില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 കറവ പശു വളർത്തൽ - പരാജയം.

പ്രോജക്റ്റ് നം :S0015 /14

പ്രോജക്ടിന്റെ പേര് :കറവ പശു വളർത്തൽ (ജനറൽ)

തുക : 300000/- (വികസന ഫണ്ട്)

ബിൽ നമ്പർ :01/2013-14 തീയതി :21/1/14

നിർവഹണം: വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 20പേർക്ക് 15,000/-രൂപ നിരക്കിൽ പശു വാങ്ങാൻ ധനസഹായം നൽകി. വാങ്ങിയ പശുക്കൾക്കു മൂന്നു വർഷത്തേക്ക് ഗോസുരക്ഷ സ്കീമിൽപ്പെടുത്തി ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടു 214 ഗുണഭോക്താക്കളുടെ വീട് സന്ദർശനത്തിൽ ശിവാന്ദൻ, സുധാകരൻ, ഷേർലി, തദയൂസ്, എന്നിവർ പശുവിനെ വിറ്റു എന്ന് മറുപടി നൽകി. വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള ഗുണഭോക്താകളെ ഒഴിവാക്കി പദ്ധതി രൂപീകരിച്ച്, അർഹരായവരെ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണമെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2014 | 110000 | പാലിയേറ്റീവ് കെയർ | ഇല്ല | 110000/-നിലവിൽ ചെലവഴിച്ചിട്ടുണ്ട് |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാധാ) നം. 207/2019/ തസ്വഭവ, തീയതി 20-01-2010 | 14250000 | 8550010 | 972751 | | 7577259 |

- വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് തുടങ്ങിയ ഗൗരവമുള്ള പരാമർശങ്ങൾ ഭാഗം മൂന്നിൽ

ഉൾപ്പെടുത്തേണ്ടതാണ്.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77855153/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67006309/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23,427/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 56,70,411/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 8432 | ശ്രീ.ഗ്രേഷ്യസ് രാജ്<br>അസി.എഞ്ചിനീയർ |
| 3.5 | | 9376 | ശ്രീ.ഗ്രേഷ്യസ് രാജ് |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ |
| 3.19 | | 5619 | H.M |
| | **ആകെ** | **23427** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 266281 | ശ്രീ.ഗ്രേഷ്യസ് രാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.3 | 266625 | ശ്രീ.ഗ്രേഷ്യസ് രാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.10 | 3952505 | ശ്രീ.ഗ്രേഷ്യസ് രാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.16 | 785000 | ശ്രീ.ഗ്രേഷ്യസ് രാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.17 | 300000 | ശ്രീ.ഗ്രേഷ്യസ് രാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3.21 | 100000 | ശ്രീ.ഗ്രേഷ്യസ് രാജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 5670411/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. ശ്രീ. ആർ.എസ്.ഗ്രേഷ്യസ് രാജ് | അസി.എഞ്ചിനീയർ | ചൈത്രം, അന്തിയൂർ,<br>കൊല്ലോട് പി.ഒ,<br>മലയിൻകീഴ്. |
| 2. ശ്രീമതി. ഗിരിജ കുമാരി | ഹെഡ് മിസ്ട്രസ്സ് | കിരണം, പൂങ്കാവിള,<br>ഉച്ചക്കട പി.ഒ, പിൻ-695506 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | LFTD.GP-3/292/2008 Dtd 30.07.2014 | 4 | |
| 1998-99 | LFTD.GP-6(a)/934/2001 Dtd 31.07.2014 | 4 | |
| 1999-00 | LFTD.GP-6(a)/934/2001 Dtd 31.07.2014 | 12 | |
| 2000-01 | LFTD.GP-3/552(1)/2003 Dtd 30.09.2014 | 8 | |
| 2001-02 | LFTD.GP-3/552(11)/2004Dtd 30.07.2014 | 13 | |
| 2002-03 | LFTD.GP-3/289/08 Dtd 30.07.2014 | 3 | |
| 2003-04 | LFTD.GP-3/288/08 Dtd 30.07.2014 | 3 | |
| 2004-05 | LFTD.GP-3/145/05 Dtd 30.07.2014 | 9 | |
| 2005-06 | LFTD.GP-3/146/09 Dtd 30.07.2014 | 9 | |
| 2006-07 | LFTD.GP-3/441/10 Dtd 30.07.2014 | 5 | |
| 2007-08 | LFTD.GP-3/442/10 Dtd 30.07.2014 | 7 | |
| 2008-09 | LFTD.GP-3/2244/11 Dtd 30.07.2014 | 8 | |
| 2009-10 | LFTD.GP-3/2245/11 Dtd 30.04.2014 | 9 | |
| 2010-11 & 2011-12 | LFTD.GP-3/618/13 Dtd 02.08.2013 | 20 | |
| 2012-13 | LFTD.GP-3/208/15 Dtd 09.03.2015 | 13 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-1**

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതു പോലെ 23,427/- രൂപയുടെ ചെലവ് നഷ്ടം, 56,70,411/- രൂപയുടെ തടസ്സം എന്നിവ ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003ജൂൺ-12-ലെ നമ്പർ:3-19/2003/ധന, തിയതി:12.06.2003 ഉത്തരവും അനസരിച്ചാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

ആർ.എസ്.22.9.15